സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

പീപ്പിൾസ് റിവ്യൂ
Estd : 2007
സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

2023 ജൂൺ 14 ബുധൻ
ptnizar@rediffmail.com 9037319971
www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ

പ്രവാസത്തിന്റെ
പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

# നൈജീരിയയിൽ ബോട്ടപകടം; 103 പേർ മരണപ്പെട്ടു

## അപകടത്തിൽപ്പെട്ടത് വിവാഹത്തിൽ പങ്കെടുത്ത് മടങ്ങിയവർ

അബുജ: നൈജീരിയയിൽ ബോട്ട് മറിഞ്ഞ് 103 പേർ മരിച്ചു. മധ്യ വടക്കൻ നൈജീരിയയിലെ ക്വാര സംസ്ഥാനത്താണ് തിങ്കളാഴ്ച പുലർച്ചയോടെയാണ് അപകടം നടന്നത്. നൈജറിലെ എഗ്ബോട്ടി ഗ്രാമത്തിൽ നടന്ന വിവാഹ ചടങ്ങിൽ പങ്കെടുത്ത് മടങ്ങുന്നതിനിടെയാണ് അപകടം.അപകടത്തിൽ 103 പേർ മരിച്ചെന്നും നിരവധി പേരെ കാണാതായെന്നും അധികൃതർ പറയുന്നു. പുലർച്ചെ മൂന്ന് മണിക്കാണ് അപകടം സംഭവിച്ചത്. ബോട്ടിലുണ്ടായിരുന്ന ഭൂരിഭാഗം ആളുകളും മരിച്ചു, പലരുടെയും മൃതദേഹങ്ങൾ തിരിച്ചറിഞ്ഞിട്ടില്ല, രക്ഷാപ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണെന്ന് ക്വാര പോലിസ് വ്യക്തമാക്കി. ബോട്ടിൽ എത്രപേർ ഉണ്ടായിരുന്നു എന്നതിനെക്കുറിച്ച് കൃത്യമായ കണക്കില്ല, ക്വാരയിലെ കെപാഡ, എഗ്ബു, ഗക്പാൻ



മധ്യ വടക്കൻ നൈജീരിയയിലെ ക്വാരയിൽ അപകടത്തിൽപ്പെട്ട ബോട്ടിൽ രക്ഷാപ്രവർത്തനം നടത്തുന്നവർ

പ്രദേശങ്ങളിൽ നിന്നുള്ള യാത്രക്കാരായിരുന്നു ബോട്ടിൽ ഉണ്ടായിരുന്നതെന്ന് നൈജീരിയൻ പ്രാദേശിക ദിനപത്രമായ നൈജീരിയൻ ട്രിബ്യൂൺ റിപ്പോർട്ട് ചെയ്തു. ബോട്ടിൽ അനുവദനീയമായതിലും കൂടുതൽ ആളുകളെ കയറ്റിയതാണ് ബോട്ട് മുങ്ങാൻ കാരണമെന്നാണ് നിഗമനം. രാത്രി വൈകിയാണ് അപകടം ഉണ്ടായതെന്നും മണിക്കൂറുകൾക്ക് ശേഷമാണ് ആളുകൾ അറിഞ്ഞതെന്നുമാണ് പ്രദേശവാസികൾ പറയുന്നത്. യാത്രക്കാരിൽ ഭൂരിഭാഗം പേരും ലൈഫ് ജാക്കറ്റ് ഉപയോഗിച്ചിരുന്നില്ല. അതാണ് അപകടത്തിന്റെ വ്യാപ്തി വർധിപ്പിക്കാൻ കാരണം.

ആഫ്രിക്കയിലെ ഏറ്റവും നീളം കൂടിയ നദികളായ നൈദർ, ബെന്യൂ എന്നിവയുടെ സംഗമസ്ഥാനത്തിന് സമീപത്തുള്ള പ്രദേശത്ത് മുൻപും സമാനമായ അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. 2021 മെയ് മാസം നൈജറിലുണ്ടായ ബോട്ടപകടത്തിൽ 106 പേരാണ് മരിച്ചത്. നൈജീരിയയിലെ ഏറ്റവും ഒടുവിലത്തെ ബോട്ടപകടമാണിത്. കഴിഞ്ഞ മാസം വടക്കു പടിഞ്ഞാറൻ സംസ്ഥാനമായ സൊകോട്ടോയിൽ 15 കുട്ടികളുടെ മരണത്തിന് ഇടയാക്കിയ ബോട്ടപകടം നടന്നിരുന്നു. വിറക് ശേഖരിക്കാൻ പോയ കുട്ടികളാണ് അപകടത്തിൽപ്പെട്ടത്. 25 പേരെ കാണാതാവുകയും ചെയ്തിരുന്നു.



മിയാമി ഫെഡറൽ കോർട്ട്ഹൗസിലേക്ക് മുൻ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് എത്തിയപ്പോൾ

## രഹസ്യരേഖകൾ സൂക്ഷിച്ച കേസ്: ഡൊണാൾഡ് ട്രംപിനെ അറസ്റ്റ് ചെയ്ത് വിട്ടയച്ചു

ന്യൂയോർക്ക്: രാജ്യത്തിന്റെ അതീവ രഹസ്യരേഖകൾ അനധികൃതമായി വീട്ടിൽ സൂക്ഷിച്ച കേസിൽ അമേരിക്കൻ മുൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനെ അറസ്റ്റ് ചെയ്തു. ശേഷം 37 കുറ്റങ്ങൾ ചുമത്തുകയും ജാമ്യത്തിൽ വിടുകയും ചെയ്തു. മയാമി ഫെഡറൽ കോടതിയുടെ ഉത്തരവിലാണ് അറസ്റ്റ്. കുറ്റക്കാരനല്ലെന്നും നടക്കുന്നത് പകപോക്കലെന്നുമാണ് ട്രംപിന്റെ വിശദീകരണം. ഫെഡറൽ- ക്രിമിനൽ കേസുകളിൽ അറസ്റ്റ് ചെയ്യപ്പെടുന്ന ആദ്യ മുൻ അമേരിക്കൻ പ്രസിഡന്റാണ് ട്രംപ്. മാകലഗോയിലെ ട്രംപിന്റെ വസതിയിൽ നിന്ന് നിരവധി ഔദ്യോഗിക രഹസ്യരേഖകളാണ് എഫ്.ബി.ഐ കണ്ടെത്തിയത്. ചാരവൃത്തി നിയമത്തിലെ വകുപ്പുകൾ പ്രകാരമാണ് ട്രംപിനെതിരായ കേസ്. വൈറ്റ്ഹൗസിൽ നിന്ന് ഫ്ളോറിഡയിലെ തന്റെ വസതിയിലേക്ക് 15 ഓളം പെട്ടികളിൽ അതീവ രഹസ്യ സ്വഭാവമുള്ള സർക്കാർ രേഖകൾ ട്രംപ് കടത്തിയെന്നാണ് കണ്ടെത്തൽ. അമേരിക്കൻ സൈനിക നീക്കങ്ങൾ, ആണവ രേഖകൾ എന്നിവയുമായി ബന്ധപ്പെട്ട രേഖകൾ ഇതിലുണ്ടായിരുന്നു. കുളിമുറിയിൽ നിന്ന് വരെ രഹസ്യരേഖകൾ കണ്ടെത്തുന്നവിധം നിരുത്തരവാദപരമായ സമീപനമാണ് മുൻ പ്രസിഡന്റിൽ നിന്ന് ഉണ്ടായത്. കേസിൽ ട്രംപിന് ഇനി വിചാരണ നേരിടണം. പ്രസിഡന്റായിരിക്കെ ട്രംപ് തന്നെ നിയമിച്ച ഫെഡറൽ ജഡ്ജിയാണ് വിചാരണ നടപടികൾക്ക് നേതൃത്വം നൽകുന്നതെന്നതും ശ്രദ്ധേയമാണ്. അതേസമയം തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ ട്രംപിന് കേസ് തടസമല്ല.

# തമിഴ്നാട് മന്ത്രി സെന്തിൽ ബാലാജിയെ എൻഫോഴ്സ്മെന്റ് അറസ്റ്റ് ചെയ്തു

## മന്ത്രിയെ നെഞ്ചുവേദനയെ തുടർന്ന് ആശുപത്രിയിലേക്ക് മാറ്റി

ചെന്നൈ: തമിഴ്നാട് വൈദ്യുതി-എക്സൈസ് വകുപ്പ് മന്ത്രി സെന്തിൽ ബാലാജിയെ ഇ.ഡി അറസ്റ്റ് ചെയ്തു. ജയലളിത മന്ത്രിസഭയിൽ ഗതാഗതമന്ത്രിയായിരിക്കെ ജോലി നൽകുന്നതിന് കോഴ ആവശ്യപ്പെട്ടെന്ന കേസിലാണ് ഇ.ഡി അറസ്റ്റ്. 17 മണിക്കൂർ ചോദ്യം ചെയ്ത ശേഷം ആണ് അറസ്റ്റ് രേഖപ്പെടുത്തിയത്. അറസ്റ്റ് രേഖപ്പെടുത്തിയതിന് പിന്നാലെ സെന്തിൽ ബാലാജിയെ നെഞ്ചുവേദനയെ തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.അറസ്റ്റിൽ പ്രതിഷേധവുമായി ഡി.എം.കെ രംഗത്തെത്തി. അറസ്റ്റ് നിയമവിരുദ്ധമെന്നും നിയമപരമായി നേരിടുമെന്നും ഡി.എം.കെ പറഞ്ഞു. മുഖ്യമന്ത്രി എം.കെ സ്റ്റാലിൻ, ഉദയനിധി സ്റ്റാലിൻ ഉൾപ്പെടെയുള്ള മറ്റ് മന്ത്രിമാർ ആശുപത്രിയിലെത്തി ബാലാജിയെ സന്ദർശിച്ചു. ബി.ജെ.പി വിരട്ടിയാൽ പേടിക്കില്ലെന്ന് ഉദയനിധി സ്റ്റാലിൻ പ്രതികരിച്ചു. ഓമന്ദൂരാർ മെഡിക്കൽ കോളേജിലാണ് ഇപ്പോൾ സെന്തിൽ ബാലാജിയുള്ളത്. കനത്ത സുരക്ഷയാണ് ആശുപത്രിയിൽ ഒരുക്കിയിരിക്കുന്നത്. ഇന്നലെ സെന്തിൽ ബാലാജിയുടെ ഔദ്യോഗിക വസതിയിലും ചെന്നൈയിലെ ബംഗ്ലാവിലും കരൂരിലെയും കോയമ്പത്തൂരിലും അദ്ദേഹവുമായി ബന്ധപ്പെട്ടുള്ള സ്ഥാപനങ്ങളിലും ഇ.ഡി പരിശോധന നടത്തിയിരുന്നു. 17 മണിക്കൂർ നീണ്ട പരിശോധനയ്ക്കും ചോദ്യംചെയ്യലിനും ശേഷം പുലർച്ചെയോടെയാണ് അറസ്റ്റ് രേഖപ്പെടുത്തിയത്. 2011-15 കാലയളവിലാണ് സെന്തിൽ ബാലാജി ഗതാഗത മന്ത്രിയായത്. മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് കോർപറേഷനിൽ ജോലിക്കായി കൈക്കൂലി ആവശ്യപ്പെട്ടെന്നായിരുന്നു ആരോപണം. സംസ്ഥാന സെക്രട്ടേറിയറ്റിലടക്കം പരിശോധന നടത്താനുള്ള ഇ.ഡി നടപടി ഇന്നലെ വ്യാപക പ്രതിഷേധത്തിന് വഴിവച്ചിരുന്നു. എൻഫോഴ്സ്മെന്റ് ഡയരക്ടറേറ്റിനെ ദുരുപയോഗം ചെയ്യുകയാണ് കേന്ദ്ര സർക്കാരെന്ന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ പ്രതികരിച്ചു. ഫെഡറൽ സംവിധാനത്തോടുള്ള വെല്ലുവിളിയാണ് നടപടിയെന്ന് എം.കെ സ്റ്റാലിനും ഇന്നലെ പ്രതികരിച്ചിരുന്നു.



തമിഴ്നാട് മുഖ്യമന്ത്രി എം.കെ സ്റ്റാലിൻ ചെന്നൈയിലെ ഓമന്ദൂരാർ ഗവ.ആശുപത്രിയിലെത്തി സെന്തിൽ ബാലാജിയെ സന്ദർശിച്ചപ്പോൾ




## വർക്ക് ഫ്രം ഹോം അവസാനിപ്പിച്ചു; ടി.സി.എസിൽ സ്ത്രീകൾ ജോലി ഉപേക്ഷിക്കുന്നു

മുംബൈ: വർക്ക് ഫ്രം ഹോം അവസാനിപ്പിച്ചതോടെ സ്ത്രീ തൊഴിലാളികൾ ജോലി ഉപേക്ഷിക്കുന്നത് വർധിച്ചെന്ന് ടാറ്റ കൺസൾട്ടൻസി സർവീസ്. കൊവിഡ് ലോകം മുഴുവൻ വ്യാപിച്ചപ്പോഴായിരുന്നു ഐ.ടി കമ്പനികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ വർക്ക് ഫ്രം ഹോം രീതി സ്വീകരിച്ചത്. എന്നാൽ അതെല്ലാം അവസാനിപ്പിച്ച് വീണ്ടും തിരിച്ച് സ്ഥാപനത്തിലേക്ക് ജോലിയിൽ പ്രവേശിക്കാൻ നിർദേശം നൽകിയപ്പോഴാണ് സ്ത്രീകളുടെ കൊഴിഞ്ഞ് പോക്ക് കൂടിയത്. പുരുഷന്മാർ മടങ്ങി എത്തുന്നുണ്ടെങ്കിലും സ്ത്രീകൾ എത്തുന്നത് കുറവാണെന്നാണ് കമ്പനിയുടെ വാർഷിക അവലോകന റിപ്പോർട്ടിൽ സൂചിപ്പിക്കുന്നത്.

'വർക്ക് ഫ്രം ഹോം രീതി സ്വീകരിച്ചപ്പോൾ വീട്ടിലെ മറ്റ് കാര്യങ്ങൾ കൂടി നോക്കാൻ സ്ത്രീകൾക്ക് കൂടുതൽ സൗകര്യമായിരുന്നു. ഈ കാരണങ്ങളായിരിക്കാം വീണ്ടും ഓഫീസിലേക്ക് മടങ്ങുന്നത് സ്ത്രീകളിൽ ബുദ്ധിമുട്ട് സൃഷ്ടിച്ചിട്ടുണ്ടാകുക'. ടാറ്റാ ഗ്രൂപ്പ് എച്ച്.ആർ ഓഫീസർ മിലിന്ദ് ലക്കാട് പറഞ്ഞു. ടാറ്റാ ഗ്രൂപ്പിനെ സംബന്ധിച്ചിടത്തോളം ഇതൊരു അസാധാരണമായ സംഭവമാണ്. സ്ത്രീകളുടെ കൊഴിഞ്ഞുപോക്ക് സാധാരണയായി പുരുഷന്മാരേക്കാൾ കുറവായിരുന്നു. സ്ഥാപനത്തിലെ തൊഴിലാളികളിൽ 36 ശതമാനവും സ്ത്രീകളാണ്. സമീപ വർഷങ്ങളിൽ വർക്ക് ഫ്രം ഹോം രീതി സ്വീകരിച്ചതോടെ സ്ത്രീ പ്രാതിനിധ്യം ഉറപ്പാക്കാൻ പല കമ്പനികൾക്കും സാധിച്ചിട്ടുണ്ട്.

എന്നാൽ, ഓഫീസിലേക്ക് വീണ്ടും ജോലിയിൽ പ്രവേശിക്കാൻ പറയുന്നത് സ്ത്രീകളിൽ ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ടെന്നാണ് സൂചിപ്പിക്കുന്നത്. എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള വളർച്ച ലക്ഷ്യമിടുന്ന കമ്പനിക്ക് ഇതൊരു തിരിച്ചടിയാണെന്നും എല്ലാവരുടെയും പ്രാതിനിധ്യം ഉറപ്പാക്കാൻ കമ്പനി ഇനിയും ശ്രമിക്കുമെന്നും ഓഫീസർ അറിയിച്ചു. ലോക ബാങ്ക് കണക്കുകൾ പ്രകാരം ഇന്ത്യയുടെ തൊഴിൽ മേഖലയിലെ സ്ത്രീ പ്രാതിനിധ്യം ചൈനയേക്കാൾ കുറവാണ്. ചൈനയിൽ 61 ശതമാനം ഉള്ള പ്രാതിനിധ്യം ഇന്ത്യയിൽ വെറും 24 ശതമാനം മാത്രമാണ്. ലോകത്തെ ജനസംഖ്യയിൽ പകുതിയോളം സ്ത്രീകളാണ്. തൊഴിൽ മേഖലയിൽ സ്ത്രീ പ്രാതിനിധ്യം കുറയുന്നതോടെ രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയെ അത് അപകടകരമായി ബാധിക്കും.

# മണിപ്പൂരിൽ വീണ്ടും കലാപം; 11 പേർ കൊല്ലപ്പെട്ടു, നിരവധിപ്പേർക്ക് പരുക്ക്

ഇംഫാൽ: മണിപ്പൂരിൽ വീണ്ടും കലാപം. കഴിഞ്ഞ ദിവസം രാത്രി ഇംഫാൽ ഈസ്റ്റ് ജില്ലയിലെ ഖമെൻലോകിൽ നടന്ന ആക്രമണങ്ങളിൽ 11 പേർ കൊല്ലപ്പെട്ടതായാണ് വിവരം. പരുക്കേറ്റ നിരവധി പേരെ സർക്കാർ, സ്വകാര്യ ആശുപത്രികളിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. മരണ സംഖ്യ ഇനിയും ഉയരാൻ സാധ്യതയുള്ളതായി ആശുപത്രി വൃത്തങ്ങൾ അറിയിച്ചു. കൊല്ലപ്പെട്ടവരുടെ മൃതദേഹങ്ങൾ ഇംഫാൽ ജെ.എൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിലെ മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുകയാണ്.കഴിഞ്ഞ ദിവസം രാത്രി ഖമെൻലോകിൽ കുകി വിഭാഗത്തിൽപ്പെട്ട കലാപകാരികൾ നിരവധി ബോംബുകൾ എറിയുകയായിരുന്നു. ആക്രമണത്തിൽ ഗ്രാമവാസികൾ കൊല്ലപ്പെടുകയും നിരവധിപ്പേർക്ക് പരുക്കേൽക്കുകയും ചെയ്തതായി പോലിസ് പറഞ്ഞു. പരുക്കേൽക്കാത്ത ഗ്രാമവാസികൾ വീടുകളിൽ നിന്ന് സുരക്ഷിത സ്ഥലങ്ങളിലേക്ക് പലായനം ചെയ്തു. എന്നാൽ, കലാപകാരികൾ രക്ഷപ്പെട്ട ഗ്രാമീണർക്ക് നേരെ വെടിയുതിർക്കുകയായിരുന്നു. പിന്നീട് കൂടുതൽ സേനയെ ഖമെൻലോകിലേക്ക് എത്തിച്ചു. ഏതാനും മിനിറ്റുകൾക്കുള്ളിലെ വെടിവയ്പ്പിന് ശേഷം കലാപകാരികൾ പിൻവാങ്ങി.

## നീറ്റ് യു. ജി. പരീക്ഷാഫലം പ്രസിദ്ധീകരിച്ചു; 99.99% മാർക്ക് നേടിയ രണ്ട് പേർക്ക് ഒന്നാം റാങ്ക്


ആര്യ ആർ.എസ്

ന്യൂഡൽഹി: നീറ്റ് യു.ജി. (നാഷണൽ എലിജിബിലിറ്റി കം എൻട്രൻസ് ടെസ്റ്റിന്റെ) 2023 പരീക്ഷാഫലം പ്രഖ്യാപിച്ചു. https://neet.nta.nic.in എന്ന വെബ് പേജിൽ പരീക്ഷാഫലം പരിശോധിക്കാം. ആപ്ലിക്കേഷൻ നമ്പറും ജനന തീയ്യതിയും നൽകിയാണ് റിസൾട്ട് പരിശോധിക്കേണ്ടത്. 99.99% മാർക്ക് നേടിയ രണ്ട് പേർക്ക് ഒന്നാം റാങ്ക് ലഭിച്ചു. ഇവർ രണ്ട് പേരും മുഴുവൻ മാർക്കും നേടി (720/720). തമിഴ്നാട് സ്വദേശിയായ പ്രബഞ്ചനും ആന്ധ്രാപ്രദേശ് സ്വദേശിയായ ബോറ വരുൺ ചക്രവർത്തിയുമാണ് ഒന്നാം റാങ്ക് നേടിയത്. തമിഴ്നാട്ടിൽ നിന്നുള്ള കൗസ്തവ് ബൗരിക്കാണ് മൂന്നാം റാങ്ക്. 23-ാം റാങ്ക് നേടിയ ആര്യ ആർ.എസ്.ആണ് ആദ്യ അൻപത് റാങ്കുകാരിലെ ഏക മലയാളി. ആദ്യ പത്ത് റാങ്കുകാരിൽ ഒമ്പതും ആൺകുട്ടികളാണ്. ഏറ്റവും കൂടുതൽപ്പേർ യോഗ്യതനേടിയത് ഉത്തർപ്രദേശിൽനിന്നാണ്. മഹാരാഷ്ട്ര, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളാണ് തൊട്ടുപിന്നിൽ. ബിരുദതല മെഡിക്കൽ/ അനുബന്ധ കോഴ്സുകളിലേക്കുള്ള രാജ്യത്തെ ഏക പ്രവേശനപരീക്ഷയാണ് നീറ്റ്. രാജ്യത്തെ 499 നഗരങ്ങളിലായി 4097 സെന്ററുകളിൽ 20.87 ലക്ഷം വിദ്യാർഥികളാണ് പരീക്ഷ എഴുതിയത്.

## 'മാധ്യമപ്രവർത്തകരെ കള്ളക്കേസിൽ കുടുക്കിയതുകൊണ്ട് സത്യം മൂടിവയ്ക്കാനാകില്ല'; യെച്ചൂരി



ന്യൂഡൽഹി: ട്വിറ്റർ മേധാവി ജാക്ക് ഡോർസിയുടെ വെളിപ്പെടുത്തലുകളോട് പ്രതികരിച്ച് സി.പി.എം ദേശീയ ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി. കർഷക സമരവുമായി ബന്ധപ്പെട്ട് മോദി സർക്കാരിനെ വിമർശിച്ച മാധ്യമപ്രവർത്തകരുടെ അക്കൗണ്ട് പൂട്ടിക്കാൻ സർക്കാരിൽ നിന്ന് സമ്മർദമുണ്ടായെന്നായിരുന്നു ജാക്ക് ഡോർസിയുടെ വെളിപ്പെടുത്തൽ. മാധ്യമപ്രവർത്തകരെ ഭീഷണിപ്പെടുത്തിയതു കൊണ്ട് സത്യം മറച്ചുവയ്ക്കാനാകില്ലെന്ന് സീതാറാം യെച്ചൂരി പറഞ്ഞു.'മാധ്യമങ്ങളെ അതിക്രൂരമായ രീതിയിലാണ് കൈകാര്യം ചെയ്യുന്നത്. വിയോജിപ്പുകളെ വിരട്ടുകയാണ്. മാധ്യമപ്രവർത്തകരെ ഭീഷണിപ്പെടുത്തുന്നു. അവരെ അധിക്ഷേപിക്കുകയും കള്ളക്കേസുണ്ടാക്കി ജയിലിൽ അടയ്ക്കുകയും ചെയ്യുന്നു. എത്ര നിഷേധിച്ചാലും മാധ്യമങ്ങളുടെ ഉള്ളടക്കത്തിൽ മോദി സർക്കാർ കൈയ്യടക്കുന്നുണ്ടെന്നുള്ള കാര്യം മറയ്ക്കാനാകില്ല'- യെച്ചൂരി ട്വീറ്റ് ചെയ്തു. എന്ത് ആരോപണം ഉയർത്തിയാലും നിഷേധിക്കുന്നുവെന്ന സ്ഥിരം ശൈലിയിൽ സർക്കാർ ഉറച്ചു നിൽക്കുകയാണ്. എന്നാൽ കർഷകരുടെ ഐതിഹാസിക സമരത്തെ സർക്കാർ എങ്ങനെയാണ് കൈകാര്യം ചെയ്തതെന്ന് രാജ്യം കണ്ടതാണ്.

ലാത്തി ചാർജ്, ജലപീരങ്കി എന്നിവകൊണ്ട് അവരെ നേരിട്ടത് കണ്ടതാണ്. 750 രക്തസാക്ഷികൾ. മോദിക്ക് അവസാനം വേദിക്കേണ്ടി വന്നു എന്നും യച്ചൂരി ട്വീറ്റ് ചെയ്തു. അതേസമയം കേരളത്തിൽ എസ്.എഫ്.ഐ നേതാവിനെതിരേയുള്ള ആരോപണങ്ങൾ പുറത്തുകൊണ്ടുവന്ന മാധ്യമപ്രവർത്തകയ്ക്കെതിരേ സി.പി.എം ഭരണത്തിന് കീഴിലുള്ള പോലിസ് കേസെടുക്കുകയും സംസ്ഥാന സെക്രട്ടറി അതിനെ ന്യായീക്കുകയും ചെയ്ത സാഹചര്യത്തിലാണ് യെച്ചൂരിയുടെ പ്രതികരണം എന്നത് ശ്രദ്ധേയമാണ്.

## പുരാവസ്തു തട്ടിപ്പിൽ കെ.സുധാകരനല്ല, മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്കാണ് പങ്കെന്ന്


കൊച്ചി: പുരാവസ്തു തട്ടിപ്പ് കേസിൽ കെ. സുധാകരനല്ല, മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്കാണ് പങ്കെന്ന് മോൻസൺ മാവുങ്കൽ പറഞ്ഞു. പോക്സോ കേസിൽ വിചാരണക്ക് എറണാകുളം അഡീഷനൽ സെഷൻസ് കോടതിയിൽ ഹാജരാക്കാൻ കൊണ്ടുവന്നപ്പോൾ മാധ്യമപ്രവർത്തകരോടാണ് ഇക്കാര്യം പറഞ്ഞത്. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക് വരെ നേരിട്ട് ബന്ധമുള്ള കേസാണിത്. ശരിയായി അന്വേഷിച്ചാൽ ഡി.ജി.പി വരെ അകത്താകും. ഇക്കാര്യങ്ങളെല്ലാം എൻഫോഴ്സ്മെന്റ് ഡയരക്ടറേറ്റിനോട് വെളിപ്പെടുത്തിയിട്ടുണ്ടെന്നും മോൻസൺ പറഞ്ഞു. അതേസമയം പ്രസ്തുത കേസിൽ, മുൻ ഡി.ഐ.ജി സുരേന്ദ്രൻ, ഐ.ജി ലക്ഷ്മണ എന്നിവരെ മൂന്നും നാലും പ്രതികളാക്കി എറണാകുളം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ക്രൈംബ്രാഞ്ച് റിപ്പോർട്ട് സമർപ്പിച്ചു. ഇരുവരെയും വൈകാതെ ചോദ്യം ചെയ്യും.

## ലിവിംഗ് ടുഗതർ പങ്കാളികൾക്ക് കോടതിയിൽ വിവാഹമോചനം ആവശ്യപ്പെടാനാകില്ല: ഹൈക്കോടതി

കൊച്ചി: ലിവിംഗ് ടുഗതർ പങ്കാളികൾക്ക് കോടതിയിൽ വിവാഹമോചനം ആവശ്യപ്പെടാനാകില്ലെന്ന് ഹൈക്കോടതി. സ്പെഷ്യൽ മാര്യേജ് ആക്ടോ വ്യക്തി നിയമങ്ങളോ അനുസരിച്ച് നടക്കുന്ന വിവാഹങ്ങൾക്ക് മാത്രമേ നിയമ സാധുതയുള്ളൂവെന്ന് ഹൈക്കോടതി ഉത്തരവിട്ടു. നിയമ പ്രകാരം വിവാഹിതരാകാതെ ഒരുമിച്ച് ജീവിക്കുന്നതിനെ വിവാഹമായി കാണാനാവില്ലെന്ന് ജസ്റ്റിസ് മുഹമ്മദ് മുഷ്താഖ്, ജസ്റ്റിസ് സോഫി തോമസ് എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ച് വിധി പ്രസ്താവനയിൽ പറഞ്ഞു. 2006 മുതൽ ഒരുമിച്ച് ജീവിക്കുന്ന ഹിന്ദു, ക്രിസ്ത്യൻ സമുദായങ്ങളിൽപ്പെട്ട പങ്കാളികൾ ഉഭയ സമ്മത പ്രകാരം വിവാഹ മോചനം ആവശ്യപ്പെട്ടാണ് എറണാകുളം കുടുംബ കോടതിയെ സമീപിച്ചത്. ഇവർ നിയമ പ്രകാരം വിവാഹിതരായിട്ടില്ലെന്ന് വിലയിരുത്തി വിവാഹ മോചനം അനുവദിക്കാൻ കുടുംബ കോടതി വിസമ്മതിക്കുകയായിരുന്നു. ഇതിനെതിരേയുള്ള അപ്പീലാണ് ഹൈക്കോടതി പരിഗണിച്ചത്


കോഴിക്കോട് ജില്ലാ പഞ്ചായത്ത് വാർഷിക പദ്ധതിയുടെ ഭാഗമായി പട്ടികജാതി യുവജനങ്ങൾക്കുള്ള വാദ്യോപകരണങ്ങളുടെ വിതരണം വൈസ് പ്രസിഡന്റ് എം.പി ശിവാനന്ദൻ നിർവഹിക്കുന്നു

## പുലിറ്റ്സർ ജേതാവ് കോർമാക് മക്കാർത്തി അന്തരിച്ചു



ന്യൂയോർക്ക്: പ്രശസ്ത അമേരിക്കൻ നോവലിസ്റ്റും പുലിറ്റ്സർ ജേതാവുമായ കോർമാക് മക്കാർത്തി (89) അന്തരിച്ചു. ദി റോഡ്, ബ്ലഡ് മെറിഡിയർ, ഓൾ ദി പ്രെറ്റി ഹോഴ്സ് തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ പ്രശസ്തമായ നോവലുകൾ. ന്യൂ മെക്സിക്കോയിലെ സാന്റാ ഫെയിൽ വച്ച് വാർധക്യസഹജമായ ആരോഗ്യ പ്രശ്നങ്ങൾ കാരണമായിരുന്നു മരണം. ഏറ്റവും ശ്രദ്ധേയമായ നോവൽ 'ദ റോഡ്' ആണ് കോർമാർക്ക് മെക്കാർത്തിക്ക് പുലിറ്റിസർ പ്രൈസ് നേടിക്കൊടുക്കുന്നത്. 2006 ൽ പ്രസിദ്ധീകരിച്ച 'ദ റോഡ്' മക്കാർത്തിയുടെ പത്താമത്തെ നോവലായിരുന്നു. ഇദ്ദേഹത്തിന്റെ ഭൂരിഭാഗം കൃതികളും ജനപ്രീതി നേടിയതായിരുന്നു. ഒരു പിതാവും മകനും നടത്തിയ യാത്രയാണ് ഈ നോവലിന്റെ പശ്ചാത്തലം. ഓൾ ദി പ്രറ്റി ഹോഴ്സ്, നോ കൺട്രി ഫോർ ഓൾഡ് മെൻ എന്നിവയാണ് കോർമാർക്ക് മെക്കാർത്തിയുടെ നിരൂപക പ്രശംസ നേടിയ മറ്റ് രണ്ട് പുസ്തകങ്ങൾ. ഇവ രണ്ടും പിന്നീട് സിനിമകളായി മാറി. പാശ്ചാത്യ അപ്പോക്കലിപ്റ്റിക് ശൈലി അവലംബിക്കുന്നവയാണ് അദ്ദേഹത്തിന്റെ ഒട്ടുമിക്ക കൃതികളും.

1965 ലാണ് അദ്ദേഹത്തിന്റെ ആദ്യ നോവലായ 'ദി ഓർച്ചാർഡ് കീപ്പർ' പുറത്തിറക്കുന്നത്. 1985ൽ പുറത്തിറക്കിയ 'ബ്ലഡ് മെറിഡിയൻ' നോവലിലാണ് അദ്ദേഹം നിരൂപക പ്രശംസ നേടുന്നത്. 1950കളിലെ ടെക്സ് മെക്സിക്കോ അതിർത്തിയിലെ യഥാർത്ഥ സംഭവങ്ങളെ അടിസ്ഥാനമാക്കിയുള്ള കഥയായിരുന്നു അത്. അക്രമാസക്തവും രക്തച്ചൊരിച്ചിലുകളുമുള്ള ആശയങ്ങളായിരുന്നു അദ്ദേഹത്തിന്റെ നോവലിൽ അധികവും.

## ലൈംഗിക ബന്ധത്തിന് നിർബന്ധിച്ചു, കരിയർ ഇല്ലാതാക്കുമെന്ന് ഭീഷണി; വൈരമുത്തുവിനെതിരേ വീണ്ടും ആരോപണം



ചെന്നൈ: തമിഴ് കവിയും ഗാനരചയിതാവുമായ വൈരമുത്തുവിനെതിരേ വീണ്ടും മീടു ആരോപണം. തമിഴ് ഗായിക ഭുവന ശേഷനാണ് വൈരമുത്തുവിനെതിരേ കടുത്ത ആരോപണം ഉന്നയിച്ചിരിക്കുന്നത്. ലൈംഗിക ബന്ധത്തിന് നിർബന്ധിക്കുകയും സമ്മതിച്ചില്ലെങ്കിൽ കരിയർ ഇല്ലാതാക്കുമെന്നും വൈരമുത്തു ഭീഷണിപ്പെടുത്തിയതായി ഭുവന ശേഷൻ പറഞ്ഞു.വാർത്താ ഏജൻസിയായ എ.എൻ.ഐക്ക് നൽകിയ അഭിമുഖത്തിലാണ് വൈരമുത്തുവിൽ നിന്നും തനിക്ക് നേരിടേണ്ടി വന്ന ദുരനുഭവം ഇവർ വെളിപ്പെടുത്തിയത്. തമിഴ്നാട്ടിലെ ഡി.എം.കെ സർക്കാർ പ്രശസ്ത എഴുത്തുകാരെ ആദരിക്കുന്ന ഡ്രീം ഹൗസ് പദ്ധതിയിൽ വൈരമുത്തുവിനെ ഉൾപ്പെടുത്തിയതിന് പിന്നാലെയാണ് ഗായിക ആരോപണങ്ങൾ കടുപ്പിച്ചത്. ഗായിക ചിന്മയി ശ്രീപാദ ഉൾപ്പെടെ നിരവധി സ്ത്രീകളെ വൈരമുത്തു ലൈംഗികമായി പീഡിപ്പിച്ചുവെന്ന് നേരത്തെ ആരോപണം ഉയർന്നിരുന്നു. "ഇതുവരെ ഏതാണ്ട് 17 സ്ത്രീകൾ വൈരമുത്തുവിനെതിരെ ലൈംഗീക ആരോപണങ്ങൾ ഉന്നയിച്ചിട്ടുണ്ട്, എന്നാൽ അവരിൽ നാലുപേർ മാത്രമേ ആരോപണങ്ങൾ പരസ്യമായി പറയാൻ തയ്യാറായുള്ളൂ. പീഡിപ്പിക്കപ്പെട്ട അവസ്ഥയിൽ നിന്നും മാനസികമായി മോചനം ലഭിക്കാൻ പ്രയാസമാണ്. പല യുവ ഗായകരുടെയും സ്വപ്നമാണ് അയാൾ ഇത്തരത്തിൽ തകർത്തത്. മറ്റൊരു പെൺകുട്ടിയോട് ഇത് ചെയ്യാതിരിക്കാനാണ് ഇതെല്ലാം തുറന്നു പറയുന്നത്. ചിന്മയി ശ്രീപാദയുടെ ധൈര്യം അതിശയകരമാണ്, വൈരമുത്തുവിനെതിരെ ആരോപണങ്ങൾ ഉന്നയിച്ചതിന് ചിന്മയി സോഷ്യൽ മീഡിയയിൽ തുടർച്ചയായി അധിക്ഷേപിക്കപ്പെട്ടിട്ടുണ്ട്". ഭുവന ശേഷൻ പറഞ്ഞു. അതിനിടെ മീ ടൂ ആരോപണ വിധേയനായ വൈരമുത്തുവിനെ ഡ്രീം ഹൗസ് പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള തമിഴ്നാട് സർക്കാർ തീരുമാനം സോഷ്യൽ മീഡിയയിൽ വലിയ ചർച്ചയായിട്ടുണ്ട്.

## 144 റിഫ്രഷ് റേറ്റുള്ള 11 ഇഞ്ച് 2.8 കെ സ്ക്രീൻ, വലിയ ബാറ്ററി; ഷാവോമി പാഡ് 6 ഇന്ത്യൻ വിപണിയിൽ




ഷാവോമിയുടെ പുതിയ ഷാവോമി പാഡ് 6 പുറത്തിറക്കി. ഇതിന്റെ 11 ഇഞ്ച് 2.8 കെ ഡിസ്പ്ലേയിൽ 144 ഹെർട്സ് റിഫ്രഷ് റേറ്റ്, എച്ച്ഡിആർ10, ഡോൾബി വിഷൻ തുടങ്ങിയ സൗകര്യങ്ങളുണ്ട്. മെറ്റൽ യുണിബോഡി ഡിസൈനാണിതിന്. സ്നാപ്ഡ്രാഗൺ 870 പ്രൊസസറിൽ എട്ട് ജിബി വരെ റാം ഉണ്ട്. നാല് സ്പീക്കറുകൾ, നാല് മൈക്രോഫോണുകൾ, ഡോൾബി അറ്റ്മോസ് ശബ്ദ സംവിധാനം എന്നിവയുമുണ്ട്. 8840 എംഎഎച്ച് ബാറ്ററിയിൽ 33 വാട്ട് അതിവേഗ ചാർജിങ് എന്നിവയുമുണ്ട്. പുതിയ സ്മാർട് ടച്ച് കീബോർഡ് ഷാവോമി പാഡ് 6 ൽ 64 കീകളും വലിയ ടച്ച് ഏരിയയുമുണ്ട്. ഐപിഎക്സ്4 റേറ്റിങ് സ്പ്ലാഷ് റെസിസ്റ്റൻസുള്ള കീബോർഡ് ആണിത്. ലേറ്റൻസി കുറവുള്ള രണ്ടാം തലമുറ ഷാവോമി സ്മാർട് പെനും ഇതിൽ ഉപയോഗിക്കാം. ഒറ്റ ചാർജിൽ 150 മണിക്കൂർ നേരം ചാർജ് കിട്ടും. വൈഫൈ6 പിന്തുണയ്ക്കുന്ന ടാബിൽ എൽടിഇ കണക്റ്റിവിറ്റിയില്ല. 13 എംപി പിൻ ക്യാമറയും 8 എംപി സെൽഫി ക്യാമറയും ഉണ്ട്. മിസ്റ്റ് ബ്ലൂ, ഗ്രാഫൈറ്റ് ഗ്രേ നിറങ്ങളിലാണ് ഇത് വിപണിയിലെത്തുക. ഷാവോമി പാഡ് 6 ന്റെ ആറ് ജിബി റാം + 128 ജിബി പതിപ്പിന് 26999 രൂപയും എട്ട് ജിബി റാം + 256 ജിബി സ്റ്റോറേജ് പതിപ്പിന് 28999 രൂപയും ആണ് വില. ഷാവോമി പാഡ് 6 കീബോർഡിന് 4999 രൂപയാണ് വില. കവറിന് 1499 രൂപ വിലയുണ്ട്. രണ്ടാം തലമുറ സ്മാർട് പെന്നിന് 5999 രൂപയാണ് വില. ആമസോൺ, മി.കോം ഷാവോമി റീട്ടെയിൽ സ്റ്റോറുകൾ എന്നിവിടങ്ങളിൽ ഷാവോമി ടാബ് 6 ഉം അനുബന്ധ ഉപകരണങ്ങളും ജൂൺ 21 മുതൽ വിൽപനയ്ക്കെത്തും.

## ചരിത്രനേട്ടം കൊയ്ത് എം. ആർ. എഫ്; ഓഹരി വില 1,00,000 രൂപ കടന്നു

മുംബൈ: വിപണിയിൽ ചരിത്രനേട്ടം കൊയ്ത് എം.ആർ.എഫ്. വിപണിയിൽ ആദ്യമായി ഒരു ലക്ഷം രൂപ കടന്നിരിക്കുകയാണ് എം.ആർ.എഫ്. ചൊവ്വാഴ്ചയോടെയാണ് 52 ആഴ്ചയിലെ ഏറ്റവും ഉയർന്ന നിരക്കായ 1,00,300 രൂപയിൽ എത്തിയത്.

ഇന്ത്യയിൽ ആദ്യമായാണ് ഒരു സ്റ്റോക്കിന്റെ മൂല്യം ഒരു ലക്ഷം രൂപയിലേക്ക് എത്തുന്നത്. കഴിഞ്ഞ ഒരു വർഷത്തിനിടെ മികച്ച നേട്ടമാണ് എം.ആർ.എഫ് കൈവരിച്ചത്. 41,152 രൂപയ്ക്ക് ഓഹരികൾ വിൽക്കുന്ന ഹണിവെൽ ഓട്ടോമേഷനാണ് പട്ടികയിൽ രണ്ടാമത്. പേജ് ഇൻഡസ്ട്രീസ്, ശ്രീ സിമന്റ്, 3 എം ഇന്ത്യ, അബോട്ട് ഇന്ത്യ, നെസ്ലെ, ബോഷ് തുടങ്ങിയ കമ്പനികളാണ് തൊട്ടുപിന്നിൽ.

2020 മാർച്ചിലെ ഏറ്റവും കുറഞ്ഞ വിലയായ 55,000 രൂപയിൽ നിന്ന് 81 ശതമാനം നേട്ടമാണുണ്ടാക്കിയിരിക്കുന്നത്. കഴിഞ്ഞ വർഷം എം.ആർ.എഫ് ഓഹരികൾ 45 ശതമാനത്തിലേറെ ഉയർന്നിരുന്നു.

2022 ഡിസംബറിൽ ഓഹരി വില 94,500 രൂപയായി ഉയർന്നെങ്കിലും ആ നില നിലനിർത്തുന്നതിൽ പരാജയപ്പെട്ടിരുന്നു. മെയ് മൂന്നിന് ശേഷമാണ് എം.ആർ.എഫിന്റെ ഓഹരി വിലയിൽ പുരോഗതി പ്രകടമായി തുടങ്ങിയത്. 2023 മാർച്ച് 31ന് അവസാനിച്ച പാദത്തിൽ നികുതി നൽകിയതിന് ശേഷമുള്ള ലാഭം (PAT) 313.53 കോടി രൂപ റിപ്പോർട്ട് ചെയ്തു. കഴിഞ്ഞ വർഷത്തേക്കാൾ 86 ശതമാനം വളർച്ച . കഴിഞ്ഞ വർഷം ഇതേ പാദത്തിൽ 168.53 കോടി രൂപയായിരുന്നു കമ്പനിയുടെ അറ്റാദായം

സച്ചിനും വിരാട് കോഹ്ലിയെപ്പോലുള്ള മറ്റ് ക്രിക്കറ്റ് താരങ്ങളും എം.ആർ.എഫ് ബ്രാൻഡിന്റെ അംബാസിഡർമാരായിട്ടുണ്ട്. സച്ചിൻ ടെണ്ടുൾക്കർ വിരമിച്ച വർഷത്തിന്റെ മധ്യത്തിൽ, എം.ആർ.എഫ് ഓഹരി ഏകദേശം 14,300 രൂപയിരുന്നു.

ഇതിനു പിന്നാലെയാണ് ഒരു ലക്ഷം മറികടന്നത്. മദ്രാസ് റബ്ബർ ഫാക്ടറി എന്ന കമ്പനിയുടെ ചുരുക്കപ്പേരാണ് എം.ആർ.എഫ്. 1993 ഏപ്രിൽ 27നാണ് കമ്പനി വിപണിയിൽ ലിസ്റ്റ് ചെയ്തത്. 11 രൂപയിൽ ആരംഭിച്ച ഓഹരി 30 വർഷം കൊണ്ടാണ് ഒരു ലക്ഷം രൂപയിലേക്കെത്തുന്നത്. അന്ന് ഒരു ലക്ഷം രൂപയുടെ നിക്ഷേപം കമ്പനിയിൽ നടത്തിയ നിക്ഷേപകന് 30 വർഷം കൊണ്ട് 100 കോടിയാണ് ഇന്നത്തെ വിലയനുസരിച്ചുള്ള റിട്ടേൺ.


ആസൂത്രണ സമിതി സെക്രട്ടേറിയറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന ജില്ലാ ആസൂത്രണ സമിതി യോഗം

## സംക്ഷിപ്ത വിജയരാമായണം പ്രകാശനം ചെയ്തു

കൊൽക്കത്ത: കലാമണ്ഡലം വിജയകൃഷ്ണൻ രചിച്ച സംക്ഷിപ്ത വിജയരാമായണം (മലയാള പുസ്തകം) ഡോ. ഷാഹിന അഹസ് ( അസിസ്റ്റന്റ് ലൈബ്രേറിയൻ ആന്റ് ഇൻഫർമേഷൻ ഓഫീസർ, എഡിറ്റർ- ദേശീയ ഗ്രന്ഥസൂചി (മലയാളം), സെൻട്രൽ റഫറൽസ് ലൈബ്രറി, കൊൽക്കത്ത) എഴുത്തുകാരിയും സാമൂഹിക പ്രവർത്തകയുമായ പ്രഭാ മേനോന് നൽകി പ്രകാശനം ചെയ്തു. കൊൽക്കത്തയിലെ സാംസ്കാരിക സംഘടനയായ മനസ്സിന്റെ ആഭിമുഖ്യത്തിൽ നാടക നടനും സംവിധായകനും എഴുത്തുകാരനുമായിരുന്ന ഏവയ കൃഷ്ണൻനായർ അനുസ്മരണ ചടങ്ങിൽ വച്ചാണ് പുസ്തകപ്രകാശനം നടന്നത്.



ന്യൂനപക്ഷ മോർച്ച സംഗമം ഗ്രീറ്റ് മീറ്റിൽ നിന്ന്

## ന്യൂനപക്ഷ മോർച്ച സംഗമം ഗ്രീറ്റ് മീറ്റ് ശ്രദ്ധേയമായി; യുവ സംരംഭകർക്കും പ്രതിഭകൾക്കും ആദരം

കോഴിക്കോട്: ഒമ്പത് വർഷം അധികാരത്തിൽ പിന്നിട്ട കേന്ദ്ര സർക്കാരിന്റെ നേട്ടങ്ങളെ പൊതുജനങ്ങളിൽ എത്തിക്കാൻ ലക്ഷ്യം വെച്ച് ബി.ജെ.പിയും അനുബന്ധ സംഘടനകളും ക്യാമ്പയിന് തുടക്കമിട്ടു. ഇതിന്റെ ഭാഗമായി ന്യൂനപക്ഷ മോർച്ച സംഗമം ജില്ലയിൽ സംഘടിപ്പിച്ചു. മുൻ കേന്ദ്രമന്ത്രിയും ന്യൂനപക്ഷ മോർച്ച ദേശീയ നേതാവുമായ മുഖ്താർ അബ്ബാസ് നഖ്‌വി ഉദ്ഘാടനം ചെയ്തു. രാജ്യത്തെ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ബി.ജെ.പിയെ കുറിച്ചുള്ള തെറ്റിദ്ധാരണ മാറിവരികയാണെന്ന് അദ്ദേഹം പറഞ്ഞു. ഹോട്ടൽ സീ ഷെൽ റസിഡൻസിയിൽ നടന്ന ചടങ്ങിൽ ബി.ജെ.പി ജില്ല പ്രസിഡന്റ് വി.കെ സജീവൻ അധ്യക്ഷത വഹിച്ചു. ചടങ്ങിൽ യുവ സംരംഭകരെ ആദരിച്ചു, പ്രതിഭകൾക്ക് അനുമോദനവും നൽകി. യുവ സംരംഭകരായ ബേബി മെമ്മോറിയൽ ഡയരക്ടർ വിനീത് എബ്രഹാം, കെൻസ ഗ്രൂപ്പ് സി.ഇ.ഒ ഷഹദ് മൊയ്തീൻ കോയ, വുഡ് ഹൗസ് എം.ഡി കെ. ഇഷാഖ് എന്നിവർ ആദരവ് ഏറ്റുവാങ്ങി. ആസിഫ് വെളിമണ്ണ, സംവിധായകൻ ജോസ് കുട്ടി എന്നീ പ്രതിഭകളെ അനുമോദിച്ചു.

സംസ്ഥാന ന്യൂനപക്ഷ മോർച്ച പ്രസിഡന്റ് മുഹമ്മദ് റിഷാൽ, കോൺഫെഡറേഷൻ ഓഫ് ഓൾ ഇന്ത്യ റെയിൽ യൂസേർസ് പ്രതിനിധി ജോയ് ജോസഫ്, മലബാർ ഡെവലപ്മെന്റ് ഫോറം പ്രസിഡന്റ് കെ.എം ബഷീർ, ന്യൂനപക്ഷ മോർച്ച ജില്ല പ്രസിഡന്റ് ഷെയ്ഖ് ഷാഹിദ്, സെക്രട്ടറി ടി. അബ്ദുൾ റസാഖ് തുടങ്ങിയവർ സംസാരിച്ചു.

# അത്യാധുനിക ഹെയർ റിസ്റ്റോറേഷൻ ക്ലിനിക്കുമായി ആസ്റ്റർ മെഡ്സിറ്റി

കൊച്ചി: മുടികൊഴിച്ചിലിന് ശാശ്വത പരിഹാരം തേടുന്നവർക്കായി അത്യാധുനിക സംവിധാനങ്ങളുമായി ലോകോത്തര നിലവാരമുള്ള ഹെയർ റിസ്റ്റോറേഷൻ ക്ലിനിക്ക് ഒരുക്കി ആസ്റ്റർ മെഡ്സിറ്റി. ചലച്ചിത്ര സംവിധായകൻ ജൂഡ് ആന്റണി ജോസഫ് ക്ലിനിക്ക് ഉദ്ഘാടനം ചെയ്തു. മുടി കൊഴിച്ചിൽ കാരണം വിഷമതകൾ അനുഭവിക്കുന്ന നിരവധിയാളുകളുടെ ജീവിതത്തിൽ പോസിറ്റീവായ മാറ്റങ്ങൾ കൊണ്ടുവരാൻ ആസ്റ്റർ മെഡ്സിറ്റിയുടെ ഈ ക്ലിനിക്കിന് സാധിക്കുമെന്ന് ജൂഡ് ആന്റണി ജോസഫ് പറഞ്ഞു. അതിന് തുടക്കം കുറിക്കാനായതിലുള്ള അതിയായ സന്തോഷമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.


മുടിയുടെ ട്രാൻസ്പ്ലാന്റ്, റീബൗണ്ടിങ്, റിസ്റ്റോറേഷൻ, എന്നിവ വേദനയില്ലാതെയും വളരെ സുരക്ഷിതമായും മുറിപ്പാടുകളില്ലാതെയും ചെയ്യാൻ ആസ്റ്റർ ഹെയർ റിസ്റ്റോറേഷൻ ക്ലിനിക്ക് വഴി സാധിക്കും. മുടികൊഴിച്ചിലും കഷണ്ടിയും തടയാൻ ഹെയർ ട്രാൻസ്പ്ലാന്റേഷൻ ഉൾപ്പെടെയുള്ള ചികിത്സകളും ലഭ്യമാണ്. മുടിയുടെ സ്വാഭാവിക ഭംഗി നഷ്ടമാകാതെ സൂക്ഷിക്കുന്ന ഫോളിക്കുലാർ യൂണിറ്റ് ട്രാൻസ്ഫർ (എഫ്.യു.ടി), ആരോഗ്യമുള്ള മുടിയിഴകളെടുത്ത് ശോഷിച്ചുകൊണ്ടിരിക്കുന്ന ഭാഗത്ത് വെയ്ക്കുന്ന ഫോളിക്കുലാർ യൂണിറ്റ് എക്സ്ട്രാക്ഷൻ (എഫ്.യു.ഇ), മുടിയുടെ സ്വാഭാവിക വളർച്ചയ്ക്കായുള്ള പ്ലേറ്റ്ലെറ്റ് റിച്ച് പ്ലാസ്മ തെറാപ്പി, കഷണ്ടി ഫലപ്രദമായി മറയ്ക്കുന്നതിനുള്ള സ്കാൽപ്പ് മൈക്രോപിഗ്മെന്റേഷൻ, പുരികങ്ങളുടെ ഭംഗി വീണ്ടെടുക്കുന്നതിനുള്ള മൈക്രോബ്ലേഡിങ് തുടങ്ങി നിരവധി അത്യാധുനിക ചികിത്സാരീതികൾ ഈ ക്ലിനിക്കിൽ നിന്നും പൊതുജനങ്ങൾക്ക് പ്രയോജനപ്പെടുത്താം. മുടി വീണ്ടെടുക്കുന്നതിന് പുറമെ, മുഖത്തിന്റെയും തൊലിയുടെയും ഭംഗി കൂട്ടുന്നതിനുള്ള പ്ലേറ്റ്ലെറ്റ് റിച്ച് പ്ലാസ്മ തെറാപ്പി ചികിത്സയും ലഭ്യമാകും.ഓരോ വ്യക്തിക്കും ആവശ്യമായ ചികിത്സകൾ പ്രത്യേകശ്രദ്ധയോടെ നൽകുകയെന്നതാണ് ആസ്റ്റർ ഹെയർ റീസ്റ്റോറേഷൻ ക്ലിനിക്കിന്റെ ലക്ഷ്യമെന്ന് ആസ്റ്റർ മെഡ്സിറ്റി സീനിയർ കൺസൽട്ടന്റ് പ്ലാസ്റ്റിക്, റീകൺസ്ട്രക്ഷൻ, ഏസ്തെറ്റിക്, ഹാൻഡ് സർജറി വിഭാഗം ഡോ. പോൾ ജോർജ് പറഞ്ഞു. ആസ്റ്റർ ഹെയർ റിസ്റ്റോറേഷൻ ക്ലിനിക്കിലെ മറ്റ് ഡോക്ടർമാർ ആസ്റ്റർ മെഡ്സിറ്റി ആശുപത്രി അധികൃതർ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.



ആസ്റ്റർ മെഡ്സിറ്റി ഹെയർ റിസ്റ്റോറേഷൻ ക്ലിനിക്ക് ഉദ്ഘാടനം ചെയ്യുന്ന ചലച്ചിത്ര സംവിധായകൻ ജൂഡ് ആന്റണി ജോസഫ്

# 'എ. ശാന്തകുമാർ സ്മാരക നാടക പ്രതിഭാ പുരസ്കാരം – 2023' വി. ശശി നീലേശ്വരത്തിന്

കോഴിക്കോട്:ഗ്രാമീണ നാടകവേദിക്ക് അർഥപൂർണമായ സംഭാവനകൾ നൽകിയ, നാടകത്തിന് വേണ്ടി ജീവിതം ഉഴിഞ്ഞുവച്ച കലാകാരനായ വി.ശശി നീലേശ്വരത്തിനാണ് ഇത്തവണത്തെ എ.ശാന്തകുമാർ സ്മാരക നാടകപ്രതിഭാ പുരസ്കാരം. 1973 മുതൽ 50 വർഷമായി മലബാറിലെ നാടകരംഗത്ത് സജീവസാന്നിധ്യമാണിദ്ദേഹം. ഉദിനൂർ കിനാത്തിൽ ജ്വാല തിയേറ്ററിന്റെ ' മെഫിസ്റ്റോഫിലിസ്' എന്ന നാടകത്തിലൂടെയാണ് അഭിനയ രംഗത്തേക്കുള്ള പ്രവേശനം. കേരള സംഗീത നാടക അക്കാദമിയുടെ നാടക മത്സരത്തിൽ മികച്ച നടനായി തെരഞ്ഞെടുക്കപ്പെട്ടു. 30 ഓളം നാടകത്തിൽ വിവിധ കഥാപാത്രങ്ങളെ അവതരിപ്പിച്ചു. ജ്വാല തിയേറ്ററിന്റെ 'റിസറക്ഷൻ', പുരുഷൻ കടലുണ്ടി സംവിധാനം ചെയ്ത 'തീയാട്ട്' എന്നിവ പ്രധാനപ്പെട്ട നാടകങ്ങളാണ്. 1979 മുതൽ സ്കൂൾ നാടകങ്ങൾ സംവിധാനം ചെയ്തുക്കൊണ്ട് സംവിധാന രംഗത്തേക്ക് കടന്നു. രാജ്മോഹൻ നീലേശ്വരത്തിന്റെ 'ഏകലവ്യൻ' ആണ് ആദ്യ നാടകം. ബാലചന്ദ്രൻ പയ്യന്നൂരിന്റെ 'ആശാ സദനത്തിലെ അന്തേവാസികൾ', 'മാനസാന്തരത്തിന്റെ ബാക്കി



പത്രം' ഉൾപ്പെടെ മൂന്ന് നാടകങ്ങൾക്ക് സംസ്ഥാന മത്സരങ്ങളിൽ പുരസ്കാരം ലഭിച്ചു. മുഹമ്മദ് കുഞ്ഞിയുടെ 'സർപ്പ്', രാജ്മോഹൻ നീലേശ്വരത്തിന്റെ 'പാക്കനാർ സൂക്തം', നരേന്ദ്രപ്രസാദിന്റെ 'മരങ്ങൾ', കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഇന്റർസോൺ കലോത്സവത്തിൽ മികച്ച നാടകമായി തെരഞ്ഞെടുത്ത ' അരിമണി പുഴയുടെ തീരത്ത്' എന്നിവ സംവിധാനം ചെയ്തു. 1990ൽ കേരള സംഗീത നാടക അക്കാദമിയുടെ സംസ്ഥാന നാടക മത്സരത്തിൽ പയ്യന്നൂർ സംഗം അവതരിപ്പിച്ച 'മരമീടൻ' സംവിധാനം ചെയ്തു. 'മാറ്റിവച്ച തലകൾ' എന്ന നാടകത്തിന് ബീമ അവാർഡ്, സൈമ അവാർഡ്, ശ്യാമ അവാർഡ് എന്നിവ ലഭിച്ചു. 50ഓളം അമേച്ചർ നാടകങ്ങളും 30ഓളം തെരുവ 'നാടകങ്ങളും സംവിധാനം ചെയ്തു. ഈ അടുത്തകാലത്ത് 'ശേഷം', 'പെൺവിളക്ക്', എൻ.ശശിധരന്റെ 'വാണിഭം' എന്നീ നാടകങ്ങൾ സംവിധനം ചെയ്തു. നിലവിൽ പയ്യന്നൂർ കേന്ദ്രമായി 'തീമാടൻ' നാടകം സംവിധാനം ചെയ്തുകൊണ്ടിരിക്കുകയാണ്. 25000 രൂപയും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്ന അവാർഡ് 16ന് വൈകീട്ട് അഞ്ച് മണിക്ക് കോഴിക്കോട്ട് ടൗൺഹാളിൽവച്ച് നടക്കുന്ന ചടങ്ങിൽ വച്ച് നാടക് സംസ്ഥാന ജനറൽ സെക്രട്ടറി ജെ.ശൈലജ, വി.ശശി നീലേശ്വരത്തിന് സമ്മാനിക്കും.



ചൊക്ലി രാമവിലാസം ഹയർ സെക്കൻഡറി സ്കൂളിൽ സംഘടിപ്പിച്ച രക്തദാനക്യാമ്പ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന ഡോ. ഭാസ്കരൻ കാരായി

## രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു

തലശ്ശേരി: ചൊക്ലി രാമവിലാസം ഹയർ സെക്കൻഡറി സ്കൂൾ മലബാർ കാൻസർ സെന്ററിന്റെ സഹകരണത്തോടെ രക്തദാന ദിനത്തിന്റെ ഭാഗമായി രക്തദാന ക്യാമ്പും രക്തദാന സേനാ രൂപീകരണവും നടത്തി. രക്ഷിതാക്കളെയും അധ്യാപകരെയും ഉൾക്കൊള്ളിച്ചു കൊണ്ട് സ്കൂൾ സയൻസ് ക്ലബാണ് പരിപാടി സംഘടിപ്പിച്ചത്. പി.ടി.എ പ്രസിഡന്റ് കെ.ടി.കെ പ്രദീപന്റെ അധ്യക്ഷതയിൽ ഡോ. ഭാസ്കരൻ കാരായി ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ മനോജ് കുമാർ, ഡോ. അഞ്ചു , പ്രിൻസിപ്പാൾ ശ്രീജ, ഹെഡ്മാസ്റ്റർ പ്രദീപ് കിനാത്തി, എൻ.ടി സ്മിത, പി. ഗിരീഷ് കുമാർ, രജീഷ്, അസിത, സായി സ്വരൂപ് എന്നിവർ സംസാരിച്ചു.


# ന്യൂമാഹി ഇനി പലഹാര ഗ്രാമം

ന്യൂമാഹി: മാഹി, തലശ്ശേരി മേഖലയിലെ തനതായ രുചി വൈവിധ്യങ്ങൾ കൈപുണ്യത്തോടെ ലോകത്തിന് മുന്നിൽ പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കണ്ണൂർ ജില്ലാ പഞ്ചായത്ത് ന്യൂമാഹിയെ പലഹാര ഗ്രാമമാക്കുന്നു. 'പലഹാര ഗ്രാമം' പദ്ധതിയുമായി ബന്ധപ്പെട്ട യോഗം ന്യൂമാഹി ഗ്രാമപഞ്ചായത്ത് ഹാളിൽ ജില്ലാ പഞ്ചായത്ത് മെമ്പർ ഇ. വിജയൻ മാസ്റ്ററുടെ സാന്നിദ്ധ്യത്തിൽ നടന്നു. പഞ്ചായത്ത് പ്രസിഡന്റ് എം.കെ സെയ്തു അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് അർജുൻ പവിത്രൻ, ബ്ലോക്ക് ഇൻഡസ്ട്രിയൽ ഓഫീസർ രജിത്ത് കുമാർ, പഞ്ചായത്ത് സെക്രട്ടറി കെ.എ ലസിത, ആസൂത്രണ സമിതി ഉപാധ്യക്ഷൻ കെ.എം രഘുരാമൻ ജനപ്രതിനികൾ എന്നിവർ പങ്കെടുത്തു. പലഹാര ഗ്രാമം പദ്ധതിയുമായി ബന്ധപ്പെട്ട് ന്യൂമാഹി പഞ്ചായത്തിൽ രുചികരമായ പലഹാരങ്ങൾ ലഭ്യമാകുന്ന ഔട്ട്ലെറ്റ് ആരംഭിക്കാൻ തീരുമാനിച്ചു.

## പ്ലസ് വൺ: മലബാറിലെ വിദ്യാർഥികളോടുള്ള ഭരണകൂട വിവേചനം അവസാനിപ്പിക്കണം: എസ്.ഐ.ഒ




കോഴിക്കോട്: മികച്ച മാർക്ക് നേടി വിജയിച്ചിട്ടും ആവശ്യമായ പ്ലസ് വൺ സീറ്റ് നൽകാതെ മലബാറിലെ വിദ്യാർഥികളോട് വർഷങ്ങളായി തുടരുന്ന ഭരണകൂട വിവേചനം അവസാനിപ്പിക്കണമെന്നും അല്ലെങ്കിൽ ശക്തമായ പോരാട്ടങ്ങൾക്ക് നേതൃത്വം നൽകുമെന്നും എസ്.ഐ.ഒ സംസ്ഥാന പ്രസിഡന്റ് മുഹമ്മദ് സഈദ് ടി.കെ പറഞ്ഞു. തെരഞ്ഞെടുത്ത ഹയർസെക്കൻഡറി വിദ്യാർഥികൾക്ക് എസ്.ഐ.ഒ കേരള സംഘടിപ്പിച്ച 'ഖാഫില' കാരവന് സമാപനം കുറിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. എസ്.ഐ.ഒ സംസ്ഥാന ഓഫിസായ വിദ്യാർഥി ഭവനത്തിൽ നിന്ന് ആരംഭിച്ച കാരവൻ അൽ ജാമിഅ അൽ ഇസ്‌ലാമിയ്യയിൽ സമാപിച്ചു. മീഡിയാവണ്ണും 'മാധ്യമ'വും സന്ദർശിച്ച വിദ്യാർഥികളോട് പ്രഗത്ഭരായ വ്യക്തിത്വങ്ങൾ വ്യത്യസ്ത സെഷനുകളിൽ സംവദിച്ചു. എസ്.ഐ.ഒ സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.റഹ്മാൻ, ഇരിക്കൂർ കാരവൻ കൺവീനർ എസ്.ഐ.ഒ സംസ്ഥാന സെക്രട്ടറി സൽമാനുൽ ഫാരിസിന് പതാക കൈമാറി ഉദ്ഘാടനം ചെയ്തു. തുടർന്നുള്ള സെഷനുകളിൽ എം.എ.എം.ഒ കോളജേ് ചരിത്ര വിഭാഗം മേധാവി ഡോ.അജ്മൽ മുഈൻ, മീഡിയാവൺ സീനിയർ ജേർണലിസ്റ്റ് മുഹമ്മദ് അസ്‌ലം, മാധ്യമ പ്രവർത്തകൻ സിദ്ദീഖ് കാപ്പൻ, ജമാഅത്തെ ഇസ്‌ലാമി ശൂറ അംഗം ഡോ.നഹാസ് മാള, ഫ്രറ്റേണിറ്റി മൂവ്മെന്റ് ജനറൽ സെക്രട്ടറി തഷ്രീഫ് കെ.പി, മക്തൂബ് മീഡിയ എഡിറ്റർ അസ്‌ലഹ് വടകര, എസ്.ഐ.ഒ നേതാക്കളായ വാഹിദ് ചുള്ളിപ്പാറ, നിയാസ് വേളം, ഹാമിദ് ടി.പി തുടങ്ങിയവർ സംസാരിച്ചു. മൂന്ന് ദിവസം നീണ്ടുനിന്ന കാരവന് അൻഫാൽ ജാൻ, അമീൻ മമ്പാട്, വസീം അലി, മുബാറക് ഫറോക്ക് തുടങ്ങിയവർ നേതൃത്വം നൽകി.



കുറ്റ്യാടി മണ്ഡലത്തിലെ നവീകരണ പ്രവൃത്തി പൂർത്തീകരിച്ച പൊക്ലാർത്താഴെ-മാണിക്കോത്ത് താഴെ-പള്ളിയത്ത് റോഡ്, പ്രവൃത്തി ആരംഭിക്കുന്ന വില്യാപ്പള്ളി-ആയഞ്ചേരി റോഡ്, തിരുവള്ളൂർ-ആയഞ്ചേരി റോഡുകളുടെ ഉദ്ഘാടനം പൊതുമരാമത്ത് വകുപ്പ് മന്ത്രി പി.എ മുഹമ്മദ് റിയാസ് നിർവഹിക്കുന്നു

# ഗുരുചരണ വഴികളിലൂടെ സന്തോഷ് ഇല്ലോളിൽ പിന്നിട്ടത് അയ്യായിരത്തിലേറെ വേദികൾ

**ചാലക്കര പുരുഷു**

തലശ്ശേരി: ഉദാത്തമായ മനുഷ്യ സ്നേഹത്തിന്റെ പ്രവാചകനായ ശ്രീ നാരായണ ഗുരുവിന്റെ ദർശനങ്ങളുടെ വ്യാപ്തി തന്നെ പെറ്റു വളർത്തിയ സമൂഹത്തിലേക്ക് അനുസ്യൂതം പ്രസരിപ്പിക്കുകയാണ് ഈ അധ്യാപകൻ, വർഗ്ഗീയവിഷമേഘങ്ങൾ ഉരുണ്ടുകൂടിയവർത്തമാനകാല അന്തരീക്ഷത്തിൽ ഗുരുദേവന്റെ മാനവിക ദർശനത്തെ സൗമ്യതയോടെ സമൂഹത്തിലേക്ക് സംക്രമിപ്പിക്കുകയാണ് ഗുരുഭക്തൻ കൂടിയായ സന്തോഷ് ഇല്ലോളിൽ. ഗുരു ചിന്തകളെ നെഞ്ചേറ്റിയ മതേതരവദി, ഉൾക്കാഴ്ചയുള്ള സാംസ്ക്കാരിക നായകൻ, കർമനിരതനായ സാമൂഹ്യ പ്രവർത്തകൻ, കിടയറ്റ പ്രഭാഷകൾ, ഗ്രന്ഥകാരൻ, തുടങ്ങിയ നിലകളിലെല്ലാം സന്തോഷ് ഇല്ലോളിൽ നമ്മോട് അടുത്ത് നിൽക്കുന്നു. നവോത്ഥാന മൂല്യങ്ങളുടെ പ്രചാരകനായി സന്തോഷ് ഇല്ലോളിൽ പിന്നിട്ടത് 5000 ത്തിലേറെ പ്രഭാഷണ വേദികൾ. ക്ഷേത്രങ്ങൾ, പള്ളികൾ, വിദ്യാലയങ്ങൾ, സാഹിത്യ-കലാ കൂട്ടായ്മകൾ, വായനശാലകൾ ഉൾപ്പടെ കേരളത്തിലെ വിവിധ ഇടങ്ങളിലായി അയ്യായിരത്തിലേറെ വേദികളിൽ ഇല്ലോളിൽ പ്രഭാഷണം നടത്തിക്കഴിഞ്ഞു. അന്ധവിശ്വാസങ്ങളേയും അനാചാരങ്ങളേയും എതിർക്കാനും മാനവീകതയുടെ പക്ഷത്ത് നിന്ന് ആദ്ധ്യാത്മികതയെ വിലയിരുത്താനും, ആരാധനാലയങ്ങളിലെ പ്രഭാഷ



ണങ്ങൾ ഉപയോഗപ്പെടുത്തുന്നു. ശ്രീ നാരായണീയ ചിന്തകൻ എന്ന നിലയിൽ തലശ്ശേരി ജഗന്നാഥ ക്ഷേത്രമുൾപ്പടെ നിരവധി വേദികളിൽ ഗുരുദർശനങ്ങളുടെ കാലിക പ്രസക്തിയെ കുറിച്ച് സംവദിച്ചിട്ടുണ്ട്. ശ്രീ നാരായണിയ-ഗാന്ധി ദർശനങ്ങളിൽ നിരവധി പ്രബന്ധങ്ങൾ രചിച്ചിട്ടുണ്ട്. കുട്ടികളിൽ മൂല്യബോധവും ലഹരിക്കെതിരായ വികാരവും വളർത്താൻ സ്കൂൾ-കോളജ് തലങ്ങളിലെ പ്രഭാഷണങ്ങൾ ഉപയോഗപ്പെടുത്തുന്നു.ഈ അടുത്ത് അദ്ദേഹം പ്രസിദ്ധീകരിച്ച ഇവന്റ് മാനേജ്മെന്റ് എന്ന കഥാസമാഹാരം സാഹിത്യലോകത്ത് സജീവമായ ചർച്ചകൾക്ക് വഴിയൊരുക്കുകയുണ്ടായി. വിവിധ ആനുകാലികങ്ങളിൽ കഥകളും ലേഖനങ്ങളും എഴുതുന്നു. ചരിത്രത്തിൽ എം.എയും ബി.എഡും നേടി പ്രമുഖ സമാന്തര സ്ഥാപനമായിരുന്ന പാട്യംസ് കോളജിന്റെ പ്രിൻസിപ്പാളായി അഞ്ച് വർഷം പ്രവർത്തിച്ചു. ഇപ്പോൾ മാടപ്പീടിക രാജാസ് കല്ലായ് സ്കൂൾ അധ്യാപകനാണ്. നിരവധി കലാ സാംസ്കാരിക സ്ഥാപനങ്ങളുടെ ഭാരവാഹിത്വം വഹിക്കുന്നു. പൊതു വിദ്യാഭ്യാസ ശാക്തീകരണ പ്രവർത്തനങ്ങളിലും ഗ്രന്ഥശാല പ്രവർത്തനങ്ങളിലും സജീവമാണ്. മതപരമായ പ്രശ്നങ്ങളും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ലഹരി ഉപയോഗവും ആർഭാടങ്ങളുംമെല്ലാം തലപൊക്കി തിരികെ വരുന്ന വർത്തമാന കാലത്ത് ഇതിനെതിരേ ഉയരുന്ന വാക്കുകളെ സമൂഹം ശ്രദ്ധയോടെ കേൾക്കേണ്ടതുണ്ട്. അതുകൊണ്ടു തന്നെ നവോത്ഥാന മൂല്യങ്ങൾ ഉൾചേരുന്ന സന്തോഷ് ഇല്ലോളിലിന്റെ പ്രഭാഷണങ്ങളും സാഹിത്യ സഞ്ചാരവും ഏറെ കാലികപ്രസക്തമാണ്.



'അൽ റയ്യാൻ മാഗസിൻ' പി.എ ഇബ്രാഹിം ഹാജിയുടെ പുത്രൻ സുബൈറിന് കൈമാറിയപ്പോൾ

# അൽ റയ്യാൻ സമർപ്പിച്ചു

ദുബൈ: ചിരന്തന റമദാനിൽ പ്രസിദ്ധീകരിച്ച അൽ റയ്യാൻ മാഗസിൻ പി.എ ഇബ്രാഹിം ഹാജിയുടെ പുത്രൻ സുബൈറിന് കൈമാറി. ഇബ്രാഹിം ഹാജിയുടെ റമദാൻ ഓർമ്മകൾ അനുസ്മരിച്ചാണ് ചിരന്തന ഈ മാഗസിൻ പ്രസിദ്ധീകരിച്ചത്. വ്യവസായിയും വിദ്യാഭ്യാസ പ്രവർത്തകനുമായ ഡോ. പി.എ ഇബ്രാഹിം ഹാജി യു.എ.ഇയിലെ മുതിർന്ന സാമൂഹ്യ സാംസ്കാരിക പ്രവർത്തകനായിരുന്നു.

പുസ്തകങ്ങൾക്കും വായനക്കും ഏറെ പ്രാധാന്യം നൽകിയിരുന്ന അദ്ദേഹം സാംസ്കാരിക മേഖലക്ക് വലിയ മുതൽക്കൂട്ടായിരുന്നുവെന്ന് ചടങ്ങിൽ പുന്നക്കൻ മുഹമ്മദലി അനുസ്മരിച്ചു. പുസ്തത്തിന്റെ പ്രകാശന സമയത്ത് ഉംറ നിർവഹിക്കാൻ പോയതിനാൽ പങ്കെടുക്കാൻ കഴിഞ്ഞില്ലെന്നും ചിരന്തനയുടെ ഇത്തരം സാംസ്കാരിക പ്രവർത്തങ്ങൾക്ക് ആശംസകൾ നേരുന്നതായും പുസ്തകം ഏറ്റുവാങ്ങി സുബൈർ പറഞ്ഞു. ചിരന്തന ജനറൽ സെക്രട്ടറി ടി.പി അഷ്റഫ്, മാധ്യമ പ്രവർത്തകരായ ജലീൽ പട്ടാമ്പി, എൻ.എ.എം ജാഫർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.



സൈദാർ പള്ളി വിവേഴ്സ് റോഡിൽ ചെങ്കൽ മതിൽ ഇടിഞ്ഞുവീണപ്പോൾ

# കനത്ത മഴയിൽ മതിലുകൾ തകർന്നു

തലശ്ശേരി: സൈദാർ പള്ളി വിവേഴ്സ് റോഡിൽ ചെങ്കൽ മതിൽ ഇടിഞ്ഞു വീഴുന്നത് പതിവായി. പ്രദേശവാസികൾ അപകട ഭീഷണിയിലാണ്. വളരെ ഉയരത്തിൽ കെട്ടിയിരുന്ന ചെങ്കൽ മതിലാണ് കഴിഞ്ഞ ദിവസം രാത്രിയിൽ ഇടിഞ്ഞു വീണത്. ആൾത്താമസമില്ലാത്ത വീടിന്റെ രണ്ട് മീറ്റർ ഉയരമുള്ള മതിലിന്റെ ബാക്കി ഭാഗങ്ങൾ അപകടകരമായി ചെരിഞ്ഞ് ഏത് നിമിഷവും നിലം പൊത്താവുന്ന രീതിയിലാണുള്ളത്. ജീവന് തന്നെ ഭീഷണിയായി മാറിയ ഇത്തരം മതിലുകൾ പുതുക്കിപ്പണിയുകയോ ഉയരം കുറക്കുകയോ ചെയ്യണമെന്നാണ് പ്രദേശവാസികളുടെ ആവശ്യം. അപകടം നടന്നതിന് ശേഷം നടപടികളുമായി പരക്കം പായുന്നതിനു പകരം അപകടം നടക്കുന്നതിന് മുമ്പ് ജനങ്ങളുടെ ജീവന് സുരക്ഷ നൽകാൻ ബന്ധപ്പെട്ടവർ തയ്യാറാവണമെന്നും നാട്ടുകാർ ആവശ്യപ്പെട്ടു.

# തലശ്ശേരി – മൈസൂർ റെയിൽപ്പാതയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് എം.എൽ.എമാരുമായി ചർച്ച നടത്തി

തലശ്ശേരി: 1907-ൽ ബ്രിട്ടീഷുകാർ നടപ്പിലാക്കാൻ ശ്രമിച്ചിരുന്നതും എന്നാൽ ഒന്നാം ലോക മഹായുദ്ധം കാരണം അവർക്ക് സാധിക്കാതിരുന്നതുമായ, നൂറ്റാണ്ടുകൾ പഴക്കമുള്ള സ്വപ്ന പദ്ധതിയായ, തലശ്ശേരി-മൈസൂർ റെയിൽപ്പാത യാഥാർത്ഥ്യമാക്കുന്നതിന് ഇപ്പോൾ നടന്ന് കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളുടെ വേഗത വർധിപ്പിക്കുന്നതിനായി തലശ്ശേരി വികസന വേദിയുടെ ആഭിമുഖ്യത്തിൽ നടത്തി വരുന്ന പ്രചരണ പ്രവർത്തനങ്ങളുടെ ഭാഗമായി മേഖലയിലെ എം.എൽ.എമാരെ നേരിൽക്കണ്ട്, അവരുടെ ഇടപെടലുകൾ ശക്തമാക്കണമെന്ന് അഭ്യർഥിച്ചു.

ഉളിക്കലിലെ വീട്ടിലെത്തി ഇരിക്കൂർ എം.എൽ.എ സജീവ് ജോസഫുമായും ഇരിട്ടിയിൽ വെച്ച് പേരാവൂർ എം.എൽ.എ സണ്ണി ജോസഫുമായും പാനൂർ ഓഫീസിൽ വെച്ച് കൂത്തുപറമ്പ് എം.എൽ.എ കെ.പി മോഹനനുമായും വികസന വേദി ഭാരവാഹികൾ ചർച്ച നടത്തി. മട്ടന്നൂർ എം.എൽ.എ ശൈലജ ടീച്ചറെ കാണാൻ ശ്രമിച്ചെങ്കിലും സ്ഥലത്തില്ലാതിരുന്നതിനാൽ കാണാൻ സാധിച്ചിരുന്നില്ല. തലശ്ശേരി വികസന വേദി ഭാരവാഹികളായ മേജർ പി.ഗോവിന്ദൻ, കെ.വി.ഗോകുൽ ദാസ്, സജീവ് മാണിയത്ത്, ഇ.എം അഷറഫ്, എന്നിവരും കോൺഗ്രസ് മൈനോരിറ്റി വിഭാഗം സംസ്ഥാന വൈസ് ചെയർമാൻ എൻ.ആർ. മായനും പങ്കെടുത്തു.

പൂർണ പിന്തുണയും ശക്തമായ ഇടപെടലുകളും തങ്ങളുടെ ഭാഗത്ത് നിന്ന് ഉണ്ടായിരിക്കുമെന്ന് ജനപ്രതിനിധികൾ ഉറപ്പ് നൽകി. കേരള മുഖ്യമന്ത്രിയേയും കർണാടക മുഖ്യമന്ത്രിയേയും റെയിൽവേ മന്ത്രിയേയും കേരള നിയമസഭാ സ്പീക്കറേയും കേന്ദ്ര സഹമന്ത്രി വി.മുരളീധരനേയും ഇന്ത്യൻ റെയിൽവേ പാസഞ്ചേഴ്സ് അസോസിയേഷൻ ആമ്നിറ്റീസ് കമ്മിറ്റി ചെയർമാൻ പി.കെ. കൃഷ്ണദാസിനേയും മട്ടന്നൂർ എം.എൽ.എ ശൈലജ ടീച്ചറേയും, വയനാട ്എം.എൽ.എമാരേയും വരും ദിവസങ്ങളിൽ നേരിട്ട്കണ്ട്, തലശ്ശേരി-മൈസൂർ റെയിൽപ്പാത യാഥാർത്ഥ്യമാക്കുന്നതിന് ശക്തമായ ഇടപെടലുകൾ ഉണ്ടാവണമെന്ന് അഭ്യർഥിക്കും. തുടർന്ന് മുഴുവൻ രാഷ്ട്രീയ പാർട്ടികളുടെയും നേതാക്കൻമാരുമായും ബന്ധപ്പെട്ട് , ഉത്തര മലബാറിന്റെ ആകെ വികസന കുതിപ്പിന് വഴിയൊരുക്കുന്ന ഈ സ്വപ ്ന പദ്ധതി ഉടൻ യാഥാർത്ഥ്യമാക്കാൻ എല്ലാ ശ്രമങ്ങളും തലശ്ശേരി വികസന വേദിയുടെ നേതൃത്വത്തിൽ നടത്തും.




തലശ്ശേരി വികസന വേദി അംഗങ്ങൾ കൂത്തുപറമ്പ് എം.എൽ.എ കെ.പി മോഹനനുമായി നടത്തിയ ചർച്ചയിൽ നിന്ന്



ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ കാന്തലാട് സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടോദ്ഘാടനം റവന്യൂ മന്ത്രി കെ.രാജൻ നിർവഹിക്കുന്നു

# 'മാതൃഭാഷയിലും പരീക്ഷ എഴുതാൻ അനുവദിക്കണം'

തലശ്ശേരി: മാനുവൽ ഓഫ് ഓഫീസ് പ്രൊസീജിയേർസ് (എം.ഒ.പി) പരീക്ഷ മലയാളത്തിൽ എഴുതാൻ അനുവദിക്കണമെന്ന ആവശ്യം ശക്തമാകുന്നു. 2017 മെയ് ഒന്ന് മുതൽ സംസ്ഥാനത്തെ ഔദ്യോഗിക ഭാഷ പൂർണമായും മലയാളത്തിലാക്കിക്കൊണ്ട് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ഉത്തരവിറക്കിയിരുന്നു. മെയ് ഒന്ന് മുതൽ മലയാളം കർശനമായി നടപ്പാക്കണമെന്നും ഔദ്യോഗിക ആവശ്യങ്ങൾക്ക് മലയാളം മാത്രമേ ഉപയോഗിക്കാവൂ എന്നും വിട്ടുവീഴ്ച ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരേ കർശന നടപടി സ്വീകരിക്കണമെന്നും ഉത്തരവിൽ പറയുന്നുണ്ട്.

നിലവിൽ കേരളത്തിലെ വിവിധ വകുപ്പുകളിൽ ജോലി ചെയ്യുന്ന ക്ലാർക്കുമാർക്ക് അവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് നിർബന്ധമായും എം.ഒ.പി പാസ്സാകേണ്ടതായിട്ടുണ്ട്. ഭരണ ഭാഷ മലയാളത്തിലാക്കി ആറ് വർഷം കഴിഞ്ഞിട്ടും പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന എം.പി പരീക്ഷ ഇപ്പോഴും ഇംഗ്ലീഷിൽ മാത്രമേ എഴുതാൻ ജീവനക്കാർക്കാകുന്നുള്ളൂ. ഇത് സർക്കാർ ഉത്തരവിനോടുള്ള ലംഘനമായിട്ടേ കാണാൻ കഴിയൂവെന്ന് ഉദ്യോഗാർത്ഥികൾ പറയുന്നു. മാത്രമല്ല മറ്റ് ഡിപ്പാർട്ട്മെന്റ് പരീക്ഷകളായ കെ.ഒ.ആർ, കെ.എസ്.ആർ തുടങ്ങിയ പരീക്ഷകൾ മലയാളത്തിലും എഴുതാൻ കെ.പി.എസ്.സി അനുവദിക്കുന്നുമുണ്ട്.

അതിനാൽ പി.എസ്.സി ഇനി നടത്താൻ പോകുന്ന എം.ഒ.പി പരീക്ഷയെങ്കിലും മലയാളത്തിലും കൂടി എഴുതാനുള്ള സാഹചര്യം ജീവനക്കാർക്ക് ഉണ്ടാക്കണമെന്നും അതിനു വേണ്ടി കെ.പി.എസ്.സിക്ക് ആവശ്യമായ നിർദേശം നൽകണമെന്നും എയ്ഡഡ് സ്കൂൾ മിനിസ്റ്റീരിയൽ സ്റ്റാഫ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി സർക്കാരിനോടാവശ്യപ്പെട്ടിട്ടുണ്ട്.

# രക്തദാന ക്യാമ്പ് നടത്തി

തലശ്ശേരി: കോളേജ് ഓഫ് നഴ്സിങ് തലശ്ശേരി ജോസ്ഗിരി ഹോസ്പിറ്റലിന്റെ സഹകരണത്തോടെ രക്തദിനത്തിന്റെ ഭാഗമായി രക്തദാന ക്യാമ്പ് സംഘടിപ്പിച്ചു. 45 ഓളം പേർ ക്യാമ്പിൽ പങ്കെടുത്തു. കുട്ടികളുടെയും അധ്യാപകരുടെയും അനധ്യാപകാരെയും പങ്കെടുപ്പിച്ച് കോളേജ് എൻ.എസ്.എസ് യൂണിറ്റ്, സ്റ്റുഡന്റ് നഴ്സസ് അസോസിയേഷയനും സംയുക്തമായി സംഘടിപ്പിച്ച പരിപാടി ഡോക്ടർ ജയകൃഷ്ണൻ നമ്പ്യാർ ഉദ്ഘാടനം ചെയ്തു. വൈസ് പ്രിൻസിപ്പാൾ പ്രൊഫ. സജ്ന, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ വേലായുധൻ കെ.എം.ഡി, മോഹനൻ സി, എൻ.എസ്.എസ് കോ-ഓർഡിനേറ്റർ ലതിക, ആഷ്ണ ജോൺ, അമ്പിളി സംസാരിച്ചു.



പള്ളൂർ കസ്തൂർബ ഗാന്ധി ഗവ. ഹൈസ്കൂളിലെ പ്രവേശനോത്സവത്തിൽ നിന്ന്

# വർണാഭമായി പ്രവേശനോത്സവം

മാഹി: വേനലവധി കഴിഞ്ഞ് കഴിഞ്ഞദിവസം മയ്യഴി വിദ്യാഭ്യാസമേഖലയിൽ സ്കൂൾ ഉത്സവാന്തരീക്ഷത്തിൽ തുറന്നു. പള്ളൂർ കസ്തൂർബ ഗാന്ധി ഗവ. ഹൈസ്കൂളിലെ പുതിയ അധ്യയന വർഷത്തെ പ്രവേശനോത്സവം നവാഗതർക്ക് പുത്തൻ അനുഭവമായി. ചെണ്ട മേളത്തിന്റെ അകമ്പടിയോടെ കുട്ടികളെ വിദ്യാലയ മുറ്റത്തേക്ക് സ്വീകരിച്ചും പുതുതായി ചേർന്ന കുട്ടികൾ വർണ ബലൂണുകൾ വാനിലേക്കുയർത്തിയും സ്കൂൾ പ്രവേശനം ആഹ്ലാദകരമാക്കി. അമയ പ്രശാന്ത്, അതിഥി പി. ലാൽ, പാർവണ.ആർ എന്നീ വിദ്യാർഥിനികൾ പ്രവേശന ഗാനത്തിന്റെ പശ്ചാത്തലത്തിൽ അവതരിപ്പിച്ച നൃത്താവിഷ്ക്കാരം പ്രവേശനോത്സവത്തെ സർഗ്ഗാത്മകമാക്കി. പ്രധാനധ്യാപിക ലിസി ഫെർണാണ്ടസിന്റെ അധ്യക്ഷതയിൽ ചേർന്ന ചടങ്ങ് കണ്ണൂർ സയൻസ് പാർക് ഡയരക്ടർ ജ്യോതി കേളോത്ത് ഉദ്ഘാടനം ചെയ്തു. പി.ടി.എ വൈസ് പ്രസിഡന്റ് രാജീവൻ എ.എം, അജിത് പ്രസാദ്, ഷമീജ എന്നിവർ സംസാരിച്ചു. നിരവധി രക്ഷിതാക്കളും ചടങ്ങിന് സാക്ഷ്യം വഹിച്ചു.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.